**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5693** **24-03-2025 - ൽ മറുപടിയ്ക്ക്**

**യുവാക്കളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് യുവാക്കളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം കുറയ്ക്കുന്നതിന് എക്സൈസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് യുവാക്കളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം കുറയ്ക്കുന്നതിനുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോൾ ടീമുകൾ എന്നിവ രൂപീകരിച്ച് 24 മണിക്കൂറും വാഹന പരിശോധനകൾ നടത്തി മയക്കുമരുന്നു കടത്തിക്കൊണ്ടു വരുന്നതും വിൽപ്പന നടത്തുന്നതും തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ചെക്ക് പോസ്റ്റുകൾ ഇല്ലാത്ത പ്രദേശങ്ങൾ വഴിയും ഊടുവഴികളിൽ കൂടിയും ലഹരി വസ്തുക്കൾ കടത്തുന്നത് തടയുന്നതിനു വേണ്ടി സംസ്ഥാന അതിർത്തി പങ്കിടുന്ന തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) രൂപീകരിച്ച് ലഹരി കടത്ത് തടയുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. യുവാക്കളെയും സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരി ഉപയോഗിച്ചതായി സംശയിക്കപ്പെടുന്നവരെയും Abon Kit എന്ന ഉപകരണം ഉപയോഗിച്ചു പരിശോധന നടത്തി, ലഹരി ഉപയോഗിച്ചതായി കണ്ടെത്തിയാൽ അത്തരക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാര സെല്ലുവഴിയും ജില്ലാ തലങ്ങളിൽ കൺട്രോൾ റൂമുകൾ മുഖേനയും പൊതുജനങ്ങളിൽ നിന്ന് വിവരങ്ങളും പരാതികളും സ്വീകരിച്ച് ഉടനടി നടപടി സ്വീകരിച്ചുവരുന്നു. ലഹരി വില്പന തടയുന്നതിനും അത് വഴി ലഹരി ഉപയോഗം കുറയ്ക്കുന്നതിനും വേണ്ടി സ്കൂൾ, കോളേജ് പരിസരങ്ങളിലും കടകളിലും ലഹരിമരുന്നുകൾ പുകയില ഉത്പന്നങ്ങൾ, ലഹരി അടങ്ങിയ വസ്തുക്കൾ എന്നിവ കണ്ടെത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി വരുന്നു.<br><br>സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിനായി മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ വാർഡ്, പഞ്ചായത്ത്, ബ്ലോക്ക്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. എക്സൈസ് വകുപ്പിന്റെ ലഹരി വിരുദ്ധ ക്ലബുകൾക്ക് പുറമെ ആഭ്യന്തര വകുപ്പിന്റെ സഹായത്തോടെ എസ്.പി.സി.യുമായി ചേർന്ന് സ്കൂളുകളിലും പൊതു ജനങ്ങൾക്കിടയിലും ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച സന്ദേശങ്ങൾ, കേസുകളിൽ ഉൾപ്പെടുന്നവർക്ക് ലഭിക്കുന്ന ശിക്ഷാ നടപടികൾ തുടങ്ങിയവ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴി പ്രചരിപ്പിച്ച് യുവതി യുവാക്കളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു. യുവാക്കളെ ലഹരിയിൽ നിന്ന് അകറ്റി ജീവിതത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന്റെ ഭാഗമായും യുവാക്കളിൽ കായിക ലഹരി പ്രോത്സാഹിപ്പിക്കുന്നതിനായും "ലഹരിക്ക് എതിരെ കായിക ലഹരി" എന്ന നിലയിൽ യുവജന ക്ലബ്ബുകൾ വഴി വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചു വരുന്നു.<br><br>ലഹരി ഉപയോഗിച്ചിരുന്നവരെ അതിൽ നിന്നും മോചിപ്പിക്കുന്നതിനും അത് വഴി ലഹരി ഉപയോഗം പൂർണ്ണമായും ഒഴിവാക്കുന്നതിനും ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ എക്സൈസ് വകുപ്പ് നടത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | വാമനപുരം മണ്ഡലത്തിന്റെ ഭാഗമായ വാമനപുരം റെയിഞ്ച് പരിധിയിൽ വ്യാജമദ്യ നിർമ്മാണം നടക്കുവാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ പോലീസ്, ഫോറസ്റ്റ്, മറ്റ് ഇതര വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകളും പരിശോധനകളും നടത്തുന്നു. വിമുക്തി ബോധവത്കരണത്തിന്റെ ഭാഗമായി ട്രൈബൽ ഭാഗങ്ങളിലും റേഞ്ചിന്റെ മറ്റ് ഭാഗങ്ങളിലും ലഹരിക്കെതിരെ വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ഓരോ എക്സൈസ് ഉദ്യോഗസ്ഥനും ഓരോ സ്കൂളുകളുടെ ചുമതല നൽകി സ്കൂളുകളിലെ വിമുക്തി പ്രവർത്തനങ്ങൾ കാര്യക്ഷമതയോടുകൂടി നടപ്പിലാക്കുകയും ചെയ്യുന്നു. വാമനപുരം എക്സൈസ് റേഞ്ച് ഓഫീസിന്റെ |

| | | | |
|---|---|---|---|
| | | | അഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ബോധവത്കരണ ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. ആദിവാസി മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് യുവതി യുവാക്കൾക്ക് പി. എസ്. സി. പരീക്ഷ പരിശീലനവും കരിയർ ഗൈഡൻസും നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു.<br><br>വാമനപുരം നിയോജക മണ്ഡലത്തിലെ പഞ്ചായത്ത്/ ബ്ലോക്ക് തലങ്ങളിൽ ജാഗ്രത സമിതികൾ രൂപീകരിച്ചു പ്രവർത്തനങ്ങൾ നടത്തുന്നു. 2023 ജൂൺ 25ന് അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തോട് അനുബന്ധിച്ച് വെഞ്ഞാറമൂട് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് വൈവിധ്യമാർന്ന രീതിയിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചിരുന്നു. ഇതോടനുബന്ധിച്ച് കുട്ടികളുടെ ബോധവൽക്കരണ നാടകം, ബോധവൽക്കരണ മാജിക് ഷോ തുടങ്ങിയ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ലഹരി വിരുദ്ധ സന്ദേശം യുവാക്കളിലേക്ക് എത്തിക്കുന്നതിനായി ആന്റി ഡ്രഗ്ഗ് റാലി, സിഗ്നേച്ചർ ക്യാമ്പയിൻ, ആന്റി ഡ്രഗ്ഗ് ഡിബേറ്റ് എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ ലഹരിവിരുദ്ധ സന്ദേശങ്ങൾ അടങ്ങുന്ന നോട്ടീസുകൾ വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്തിട്ടുള്ളതുമാണ്. |
| (സി) | നിരവധി പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങൾ സ്ഥിതി ചെയ്യുന്ന വാമനപുരം മണ്ഡലത്തിലെ പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട് ഗ്രാമപഞ്ചായത്തുകളുടെ അതിർത്തി പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും വനമേഖലയോട് ചേർന്ന് കിടക്കുന്നതുമായ പാലോട് എന്ന സ്ഥലത്ത് എക്സൈസ് ജനമൈത്രി സ്ക്വാഡ് ഓഫീസ് ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ